പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2775 14.02.2013-ൽ മറുപടിക്ക്.

ക്ഷേമനിധി പെൻഷനുകളുടെ കുടിശ്ശിക

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. മോൻസ് ജോസഫ് : | ശ്രീ. ഷിബു ബേബി ജോൺ (തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര മാസത്തെ ക്ഷേമ പെൻഷൻ നൽകി, ഇനി എത്ര മാസത്തെ കുടിശ്ശിക കൊടുത്തു തീർക്കുവാനുണ്ട് ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2012 ഡിസംബർ മാസം വരെ 21 മാസത്തെ ക്ഷേമപെൻഷൻ നല്കിയിട്ടുണ്ട്. ഒരു മാസത്തെ പെൻഷൻ കുടിശ്ശിക നല്കാനുണ്ട്. |
| (ബി) ക്ഷേമ പെൻഷനുകൾ കാലാനുസരണമായി പരിഷ്കരിക്കുന്നതിനും ഇതിനർഹരായ തൊഴിലാളികൾ അടയ്ക്കുന്ന തുക വർദ്ധിപ്പിക്കുന്നതിനും അതിന് അനുസരണമായി പെൻഷൻ തുക വർദ്ധിപ്പിക്കുന്നതു സംബന്ധിച്ചും സർക്കാരിന്റെ നയം വ്യക്തമാക്കാമോ; | (ബി) തൊഴിൽ വകുപ്പിന് കീഴിൽ വരുന്ന ചുരുക്കം ചില ക്ഷേമനിധി ബോർഡുകൾ ഒഴിച്ച് ബാക്കിയുള്ള എല്ലാ ക്ഷേമനിധി ബോർഡുകളിലും സർക്കാർ സഹായത്തോടെയാണ് പെൻഷൻ നൽകി വരുന്നത്. എന്നിരുന്നാലും കാലാകാലങ്ങളിൽ സർക്കാർ പെൻഷൻ തുക വർദ്ധിപ്പിച്ചു നൽകിയിട്ടുണ്ട്. തൊഴിലാളി അംശാദായം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് തീരുമാനം കൈക്കൊണ്ടിട്ടില്ല. |
| (സി) തൊഴിലാളികളുടെ ചികിത്സാ ധനസഹായവും അപകട ഇൻഷ്വറൻസും കാലതാമസം ഉണ്ടാകാത്ത വിധത്തിൽ കൊടുത്തു തീർക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ ? | (സി) ഗുണഭോക്താക്കൾ സമർപ്പിക്കപ്പെടുന്ന അപേക്ഷകളിന്മേൽ ബന്ധപ്പെട്ട ക്ഷേമനിധി ബോർഡുകളിലെ ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർമാർ അന്വേഷണം നടത്തി കാലതാമസം കൂടാതെ ധനസഹായം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ ക്ഷേമനിധി അംഗങ്ങളുടെ വിവരങ്ങൾ ഡിജിറ്റൈസ് ചെയ്ത് ബാങ്ക് മുഖേന ധനസഹായം |

വിതരണം ചെയ്യുന്നതിനുള്ള നടപടികൾ എടുത്തു വരുന്നു. ഈ നടപടി പൂർത്തിയാകുന്നതോടുകൂടി ക്ഷേമനിധി ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിനുണ്ടാകുന്ന കാലതാമസം പൂർണ്ണമായും ഒഴിവാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

Deepa

സെക്ഷൻ ഓഫീസർ